"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ കെ ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം പദ്ധതി- കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് - അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(കൈ) നം.13/2026/LSGD തീയതി,തിരുവനന്തപുരം, 11-01-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/05/2025 ലെ എൽഎസ്ജിഡി/പിഡി/5861/2025-ഡിപിഎൽബി3 നമ്പർ കത്ത്
2. കിഫ്ബി സി.ഇ.ഒ-യുടെ 15/10/2025 ലെ എപിആർ-2/4505/2025/കിഫ്ബി നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/11/2025 ലെ എൽഎസ്ജിഡി/പിഡി/37428/2025-ഇഡബ്ല്യൂ5 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2024-25 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കണ്ണൂർ പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് മാവിലായിൽ ഹെറിറ്റേജ് വില്ലേജ് പ്രോജക്ട്, എ കെ ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന് തനത് ഫണ്ട് കുറവായതിനാൽ മാവിലായി ഹെറിറ്റേജ് വില്ലേജ് നിർമ്മാണം എ.കെ.ജി സ്മൃതി മണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് നിലവിൽ 2 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് നീക്കി വച്ചിട്ടുള്ളതെന്നും 837 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2 ലക്ഷം രൂപ ഡി.പി.ആർ തയ്യാറാക്കുന്നതിന് തികയാതെ വരുമെന്നതിനാൽ കിഫ്ബി പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനു അനുമതിയുള്ള തുക പഞ്ചായത്തിന്

കൈമാറാനുള്ള അനുവാദം നൽകണമെന്നും അനുവാദം കിട്ടുന്ന മുറയക്ക് പഞ്ചായത്ത് നിലവിലുള്ള തനത് ഫണ്ട് ഉപയോഗിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്രസ്തുത പദ്ധതി നിർവഹിയ്ക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം കിഫ്ബിയിൽ നിന്നും ശിപാർശ ലഭ്യമായിട്ടുണ്ട്. 18.11.2024 തീയതിയിലെ കിഫ്ബിയുടെ 51-ാം ജനറൽ ബോഡി യോഗത്തിൽ, ടി പദ്ധതി നടപ്പിലാക്കുന്നതിന് റൂറൽ ഡയറക്ടർ ലഭ്യമാക്കിയ കൺസപ്റ്റ് നോട്ട്-ന്റെ അടിസ്ഥാനത്തിൽ 8.37 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതും ടി പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**കൺസപ്റ്റ് നോട്ട് സംക്ഷിപ്തം**

- ഭൂമി ആർജ്ജിക്കൽ - 1.34 കോടി (നെഗോഷ്യേഷൻ വഴി)
- മാവിലായി എകെജി ഹെറിട്ടേജ് സ്ക്വയർ - 2.50 കോടി
- എകെജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം - 4.53 കോടി
- ആകെ - 8.37 കോടി

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവിലായി ഹെറിറ്റേജ് വില്ലേജ് പ്രോജക്റ്റ്, എ.കെ.ജി സ്മൃതിമണ്ഡപം സൗന്ദര്യവൽക്കരണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ, പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാകാത്തവിധം തദ്ദേശസ്വയംഭരണ വകുപ്പും പെരളശ്ശേരി ഗ്രാമപഞ്ചായത്തും സാംസ്കാരിക വകുപ്പുമായി കൂടിയാലോചിച്ച് ഒരു റവന്യൂ മോഡലിന് രൂപം

നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കിഫ്ബി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, റൂറൽ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്. സി) വകുപ്പ് (തീരുമാനം നം...................തീയതി..............)

ധനകാര്യ വകുപ്പ്( 28.06.2025-ലെ 3149163/DEV-3/122/2025-Fin നമ്പർ കുറിപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 13-01-2026 10:45:04